മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രങ്ങൾ

84 (4123) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എത്ര ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ട് ;

(ബി) ഈ കേന്ദ്രങ്ങളിൽ നിന്നും കോഴി കർഷകർക്ക് ആവശ്യമായ വായ്പ നല്കാറുണ്ടോ ; അപ്രകാരമുള്ള കർഷകരിൽ നിന്നും കോഴികളെ തിരികെ പ്രസ്തുത കേന്ദ്രങ്ങൾ വിലയ്ക്ക് കൊടുക്കാറുണ്ടോ ;

(സി) വായ്പ നല്കുമ്പോൾ ബോണ്ട് പതിച്ച് വാങ്ങാറുണ്ടോ ; ഇപ്രകാരം ബോണ്ട് നല്കുന്നതിന് ഫീസ് ഈടാക്കാറുണ്ടോ എന്നു വെളിപ്പെടുത്തുമോ ;

(ഡി) ഈ കേന്ദ്രങ്ങളിൽ കോഴികർഷകർക്കും ഫാമുകൾക്കും ആവശ്യമായ കോഴിത്തീറ്റ ഉല്പാദിപ്പിച്ച് നല്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം കേന്ദ്രങ്ങൾ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറാൻ ഉദ്ദേശമുണ്ടോ ;

(എഫ്) കോർപ്പറേഷന്റെ ഇപ്പോഴത്തെ ആകെ നഷ്ടം എത്രയാണ് ; തിരിച്ചടയ്ക്കുവാനുള്ള വായ്പ എത്ര ; ഈ വായ്പയ്ക്ക് ഇതുവരെയുള്ള പലിശ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഇത്തരത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കോഴി വളർത്തൽ കേന്ദ്രങ്ങളെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോർപ്പറേഷനെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ആ തീരുമാനം പുനഃപരിശോധിക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ രണ്ട് ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. അതിൽ ഐ. പി. ഡി. ബ്ലോക്ക് പേട്ട 18-9-2002-ലെ ജി. ഒ. (എം. എസ്.)185/2002/എന്ന പ്രകാരം കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്. മൂവാറ്റുപുഴ ഐ. പി. ഡി. ബ്ലോക്ക് കഴിഞ്ഞ അഞ്ചു വർഷമായി പ്രവർത്തനരഹിതമാണ്.

(ബി) നിലവിൽ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ഇല്ല. ഐ. പി ഡി. ബ്ലോക്ക് മൂവാറ്റുപുഴ കഴിഞ്ഞ അഞ്ചു വർഷമായി പ്രവർത്തരഹിതമാണ്. ഐ. പി. ഡി. ബ്ലോക്ക് പേട്ട കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്.

(ഇ) ഐ. പി. ഡി. ബ്ലോക്ക് പേട്ട പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറുവാൻ ഉത്തരവായിട്ടുണ്ട്.

(എഫ്) 30-3-2002 വരെയുള്ള കോർപ്പറേഷന്റെ നഷ്ടം പലിശയും തേയ്മാനവും ഉൾപ്പെടെ 288.13 ലക്ഷം രൂപയാണ്. തിരിച്ചടയ്ക്കാനുള്ള ബാങ്ക് വായ്പ 111.69 ലക്ഷം രൂപ സഹിതം തിരിച്ചടച്ചു കഴിഞ്ഞു.

(ജി) സർക്കാർ തീരുമാനം പുനഃപരിശോധിക്കുന്നതല്ല.

കോഴികൾക്ക് വൈറസ് രോഗങ്ങൾ

85 (4124) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇടനാട്ടിലും മലയോര പ്രദേശങ്ങളിലും 2003 ഏപ്രിൽ-മേയ് മാസങ്ങളിൽ കോഴികൾക്ക് വൈറസ് രോഗബാധ ഉണ്ടായിട്ടുണ്ടോ ;

(ബി) അതിന്റെ ഫലമായി എത്ര കോഴികൾ ചത്തൊടുങ്ങിയിട്ടുണ്ട് ;

(സി) ഈ രോഗബാധയെ നേരിടുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കാമോ ;

(ഡി) കോഴികൾ നഷ്ടപ്പെട്ട കർഷകർക്ക് എന്ത് നഷ്ടപരിഹാരം നൽകിയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ, കോട്ടയം ജില്ലകളിൽ വൈറസ് ബാധമൂലം കോഴിവസന്ത രോഗം ഉണ്ടായിട്ടുണ്ട്.

(ബി) 250 കോഴികൾ ചത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ രോഗത്തിന് ചികിത്സ ഇല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ് നല്കി രോഗം നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നല്കുവാൻ നിലവിൽ പദ്ധതികൾ ഒന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly